പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3763 11.12.2018-ലെ മറുപടിക്ക്

## സൂപ്പർ ഫാസ്റ്റ് ബസ്സുകൾക്ക് വാമനപുരം ജംഗ്ഷനിൽ സ്റ്റോപ്പ്

ചോദ്യം — ശ്രീ.ഡി.കെ. മുരളി

ഉത്തരം — ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വാമനപുരം നിയോജകമണ്ഡലത്തിൽ വാമനപുരം ഗ്രാമപഞ്ചായത്തിൽ നിരവധി സർക്കാർ ഓഫീസുകളും സഹകരണ സ്ഥാപനങ്ങളും മറ്റിതര സ്ഥാപനങ്ങളും സ്ഥിതി ചെയ്യുന്നതിനാൽ വാമനപുരം ജംഗ്ഷനിൽ കെ.എസ്.ആർ.ടി.സി.യുടെ സൂപ്പർ ഫാസ്റ്റ് ബസ്സുകൾക്ക് രാവിലെയും വൈകുന്നേരവും സ്റ്റോപ്പ് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | ശ്രദ്ധയിപ്പെട്ടിട്ടുണ്ട്. വാമനപുരം ജംഗ്ഷനിൽ നിന്നും ഒരു കിലോമീറ്റർ പരിധിക്കുള്ളിൽ കാരേറ്റ് എന്ന സ്ഥലത്ത് സൂപ്പർ എക്സ്പ്രസ് വരെയുള്ള ബസുകൾക്ക് സ്റ്റോപ്പ് നിലവിലുണ്ട്. ആയതിനാൽ വാമനപുരം ജംഗ്ഷനിൽ സൂപ്പർഫാസ്റ്റ് ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്നത് അത്തരം സർവ്വീസുകളുടെ സമയക്രമത്തേയും, ദീർഘദൂര യാത്രക്കാരെ കെ.എസ്.ആർ.ടി.സി.യിലേക്ക് ആകർഷിക്കുന്നതിനേയും വിപരീതമായി ബാധിക്കും. ഈ സാഹചര്യത്തിൽ ടി സ്ഥലത്ത് സ്റ്റോപ്പ് അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കുവാൻ നിർവ്വാഹമില്ല. |
| (ബി) | ഈ സ്ഥലത്ത് രാവിലെയും വൈകുന്നേരവും കെ.എസ്.ആർ.ടി.സി.യുടെ സൂപ്പർ ഫാസ്റ്റ് ബസുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ